**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4852** **02-07-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതിക്കാർക്കെതിരെ അതിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതിക്കാർക്കെതിരെ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പട്ടികജാതിക്കാർക്കെതിരെ ഉണ്ടായ അതിക്രമങ്ങൾ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളുടെ കഴിഞ്ഞ 5 വർഷത്തെ എണ്ണം പരിശോധിച്ചപ്പോൾ നേരിയ വർദ്ധനവ് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ അഞ്ചു വർഷം പട്ടികജാതിക്കാർക്കെതിരെ നടന്ന അതിക്രമങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ; | (ബി) | കഴിഞ്ഞ അഞ്ചു വർഷം പട്ടികജാതിക്കാർക്കെതിരെ നടന്ന അതിക്രമങ്ങൾ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>2019 -858<br>2020 -846<br>2021 -948<br>2022 -1050<br>2023 -1128<br>2024 (31.05.2024 വരെ) - 516 |
| (സി) | ഇത്തരം അതിക്രമങ്ങൾ കുറയ്ക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (സി) | പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നതിനായി 1989 ലെ പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം കാര്യക്ഷമമായി നടത്തിപ്പിലാക്കുന്നതിന് സർക്കാർ അതീവ ശ്രദ്ധ ചെലുത്തി വരുന്നു. ഇതിന്റെ ഭാഗമായി അതിക്രമത്തിനിരയാകുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക പരിഗണന നൽകുകയും എഫ്.ഐ.ആർ, ചാർജ് ഷീറ്റ്, കൺവിക്ഷൻ എന്നീ മൂന്നു ഘട്ടങ്ങളിലും നിയമം അനുശാസിയ്ക്കും പ്രകാരമുള്ള ആശ്വാസ ധനസഹായം വകുപ്പ് മുഖേന അനുവദിയ്ക്കുകയും ചെയ്തു വരുന്നു. |

ഭൂമി, വീട്, മെച്ചപ്പെട്ട വരുമാന മാർഗ്ഗം എന്നീ അടിസ്ഥാന സാഹചര്യങ്ങളുടെ അഭാവം മൂലം പോക്സോ, റേപ്പ് തുടങ്ങിയ കുറ്റകൃത്യങ്ങൾക്ക് തുടർച്ചയായി ഇരയാകുകയും അത് മൂലം ശാരീരികവും മാനസികവുമായ ക്ലേശങ്ങളും സമൂഹത്തിൽ ഒറ്റപ്പെടലും അനുഭവിയ്ക്കുന്നവർക്ക് പ്രത്യേക പരിഗണന വകുപ്പ് നൽകി വരുന്നു. ഹീനമായ ഇത്തരം അതിക്രമങ്ങൾക്ക് ഇവർ വീണ്ടും ഇരയാകുന്ന സാഹചര്യം പൂർണ്ണമായും ഒഴിവാക്കുന്നതിനായി ഭൂമി, വീട്, സർക്കാർ ജോലി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ആവശ്യകതയുടെ അടിസ്ഥാനത്തിൽ അനുവദിയ്ക്കുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ച് വരുന്നു.

അതിക്രമത്തിനിരയാകുന്ന പട്ടികജാതിക്കാർക്ക് ആശ്വാസ ധനസഹായം അനുവദിയ്ക്കുന്നതിനു പുറമേ സമൂഹത്തിൽ നിന്നും നേരിടുന്ന വെല്ലുവിളികളെ അതിജീവിയ്ക്കുന്നതിനാവശ്യമായ മാനസിക പിന്തുണ നൽകുക, നിയമ പരിരക്ഷകളെ സംബന്ധിച്ച പൂർണ്ണമായ അവബോധവും നിയമോപദേശങ്ങളും നൽകുക എന്നീ മാർഗ്ഗങ്ങളിലൂടെ അതിക്രമ സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനും അപ്രകാരം അതിക്രമങ്ങൾ തടയുന്നതിനുമായി ജ്വാല നിയമസഹായ സെൽ പ്രവർത്തിച്ചുവരുന്നു. ഇതിന്റെ ഭാഗമായി തിരുവനന്തപുരം, വെള്ളയമ്പലം, അയ്യങ്കാളി ഭവനിൽ JWALA (Justice Welfare And Legal Assistance) എന്ന പേരിൽ നിയമ സഹായ കേന്ദ്രം പ്രവർത്തനമാരംഭിയ്ക്കുകയും ഒരു ലീഗൽ അഡ്വൈസറേയും ലീഗൽ സെൽ അസിസ്റ്റന്റുമാരെ നിയമിയ്ക്കുകയും ചെയ്തിട്ടുണ്ട്. ജ്വാല ലീഗൽ സെല്ലിന്റെ സേവനം ജില്ലാതലത്തിൽ ലഭ്യമാക്കുന്നതിനായി ഓരോ ലീഗൽ കൗൺസിലർമാരെ 14 ജില്ലകളിലും തിരഞ്ഞെടുത്ത് നിയമിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽ നിന്നുള്ള നിയമ ബിരുദധാരികളെയാണ് ഇപ്രകാരം നിയമിച്ചിട്ടുള്ളത്.

അതിക്രമം തടയൽ നിയമം സംബന്ധിച്ച ശരിയായ അവബോധം പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് നൽകി അതിക്രമങ്ങളെ തടയുന്നതിന് ഇവരെ പ്രാപ്തരാക്കുന്നതിനായി വകുപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ജില്ലാ ലീഗൽ കൗൺസിലർമാരുടെ നേതൃത്വത്തിൽ നിയമാവബോധ ക്ലാസ്സുകളും കൗൺസിലിംഗുകളും സംഘടിപ്പിച്ച് വരുന്നു.

അതിക്രമ സാധ്യതാ മേഖലകളെ സംബന്ധിച്ച GIS MAPPED DATA യുടെ അടിസ്ഥാനത്തിൽ പ്രസ്തുത

പ്രദേശങ്ങളെ സംബന്ധിച്ച പഠനങ്ങൾ ജില്ലാ ലീഗൽ കൗൺസിലർ മുഖേന നടത്തുന്നതിന് ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പ്രകാരം ഓരോ ജില്ലയിലെയും പ്രസ്തുത മാപ്പിൽ ഉൾപ്പെട്ട പ്രദേശങ്ങൾ നേരിട്ട് സന്ദർശനം നടത്തി ടി പ്രദേശങ്ങളിൽ അതിക്രമത്തിന് ഇരയാകുന്ന സാഹചര്യങ്ങൾ കണ്ടെത്തി പരിഹാര മാർഗ്ഗങ്ങളെ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ ലീഗൽ കൗൺസിലർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അതിക്രമത്തിന്റെ തോത് കുറയ്ക്കുന്നതിനാവശ്യമായ ബോധവത്ക്കരണ മാർഗ്ഗങ്ങളും കൗൺസിലിംഗുകളും ടി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് നടത്തുന്നതിനാവശ്യമായ നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് പട്ടികജാതി വിഭാഗങ്ങൾ ക്കെതിരായ അതിക്രമം ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ പര്യാപ്തമായ വകുപ്പുകൾ (IPC & SC/ST (PoA) Amendment Act-2015) ചേർത്ത് FIR രജിസ്റ്റർ ചെയ്യുകയും പ്രതികൾക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. ടി കേസുകൾ അന്വേഷിക്കാൻ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ നിയമിക്കുകയും സംഭവ സ്ഥലം സന്ദർശിച്ച് ഇതിലേയ്ക്ക് ഇരയാകുന്നവർക്ക് ആവശ്യമായ സാന്ത്വനമേകുകയും അടിയന്തിര ആശ്വാസത്തിനായി ധനസഹായം ലഭിക്കുന്നതിന് ജില്ലാ ഭരണകൂടത്തിന് FIR ഉം മറ്റ് അനുബന്ധ രേഖകളും എത്തിച്ചു നൽകുകയും അതിക്രമത്തിന്റെ വ്യാപ്തി തിട്ടപ്പെടുത്തുകയും അതിക്രമം പടർന്നു പിടിക്കാതിരിക്കാൻ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ ജില്ലാ പോലീസ് മേധാവിയുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും കേസുകളുടെ അന്വേഷണ പുരോഗതി വിലയിരുത്തുകയും ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റിയുമായി സഹകരിച്ച് അതിക്രമത്തിൽ ഇരയാകുന്നവർക്ക് ആവശ്യമായ നിയമസഹായം നൽകി വരുന്നതും അന്വേഷണം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് സമയബന്ധിതമായി ജില്ലാ സെഷൻസ് കോടതിയിൽ സമർപ്പിച്ച് വരുന്നതും കുറ്റപത്രം സമർപ്പിച്ച കേസുകളിൽ വിചാരണവേളയിൽ നിയമസഹായത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നതുമാകുന്നു.

പൊതുജനങ്ങൾക്കിടയിൽ പട്ടികജാതി/പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമത്തെ സംബന്ധിച്ച്

| | | | |
|---|---|---|---|
| | | | അവബോധം സൃഷ്ടിക്കുന്നതിനായി ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തി വരുന്നതുമാകുന്നു. പട്ടികജാതി നഗറുകളിലും പട്ടികജാതി വിഭാഗത്തിൽപ്പെട്ടയാളുകൾ കൂടുതലായി താമസിക്കുന്ന സ്ഥലങ്ങളിലും ശക്തമായ പട്രോളിംഗ് നടത്തുകയും ജനമൈത്രി പോലീസ് ഉദ്യോഗസ്ഥർ പട്ടികജാതി വിഭാഗങ്ങൾ താമസിക്കുന്ന സ്ഥലങ്ങൾ സന്ദർശിച്ച് അവരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരാതിയിൽ കൃത്യമായി നടപടികൾ എടുത്തുവരുന്നതുമാകുന്നു. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി പോലീസ് ആസ്ഥാനത്ത് SC/ST പ്രൊട്ടക്ഷൻ സെൽ പ്രവർത്തിച്ചു വരുന്നതും ജില്ലാ തലത്തിലുള്ള എല്ലാ SC/ST പരാതികളും മോണിറ്ററിംഗ് നടത്തി വരുന്നതുമാണ്. കൂടാതെ സംസ്ഥാന പോലീസ് മേധാവിയുടെ നേതൃത്വത്തിൽ ത്രൈമാസ അവലോകന യോഗങ്ങൾ നടത്തി വരുന്നതും ആയതിൽ അന്വേഷണാവസ്ഥയിലുള്ള രണ്ട് മാസത്തിന് മുകളിലുള്ള എല്ലാ SC/ST കേസുകളും അവലോകനം നടത്തുകയും ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകി വരുന്നതുമാണ്. ജില്ലാ തലത്തിലും ത്രൈമാസ മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗ് നടത്തി വരുന്നുണ്ട്. ആയതിൽ പരാതികളും മറ്റു കേസുകളും ജില്ലാ പോലീസ് മേധാവി മോണിറ്ററിംഗ് ചെയ്ത് വേണ്ട നിർദ്ദേശം നൽകുന്നതും സമാനമായി DYSP, സബ്ബ് ഡിവിഷൻ തലത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ നടത്തി വരുന്നതുമാണ്. കൂടാതെ പരാതി അദാലത്ത്, നഗറുകളിൽ സന്ദർശനം, ബോധവത്ക്കരണ ക്ലാസ്സുകൾ എന്നിവ നടത്തി വരുന്നതും, ലഭ്യമാകുന്ന പരാതികളിൽ ഉചിതമായ നടപടികൾ സ്വീകരിച്ച് വരുന്നതുമാകുന്നു. |

സെക്ഷൻ ഓഫീസർ